Malappuram District Police

# മണൽകടത്ത് തടയാനെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതികൾക്ക് തടവ് ശിക്ഷ

(08.06.2017) മഞ്ചേരി: പുറത്തൂർ പടിഞ്ഞാറേക്കര പള്ളിക്കടവിൽ അനധികൃത മണൽകടത്ത് പിടികൂടാനെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിൽ പ്രതികൾക്ക് അഞ്ച് വർഷം വീതം കഠിനതടവും 32000/- രൂപ വീതം പിഴയും ശിക്ഷ വിധിച്ചു. തിരൂർ പടിഞ്ഞാറേക്കര മാളിയേക്കൽ ഹബീബ് റഹ്മാൻ (38), ചെറിയ പള്ളീലകത്ത് ഇക്ബാൽ (37), ഇടശ്ശേരി ലത്തീഫ് (26), ചേക്കാലിന്റെ പുരക്കൽ നവാസ് (27) എന്നിവരെയാണ് അഡീഷനൽ സെഷൻസ് കോടതി ശിക്ഷിച്ചത്. തിരൂർ സി.ഐ ആയിരുന്ന ആർ. റാഫിയാണ് കേസന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.